തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് " നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു (SCP Pooled fund).

വടകരയിൽ കൈത്തറി ഡിസൈൻ കേന്ദ്രം തുടങ്ങുന്നതിന് നടപടി

198 (5088) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര കേന്ദ്രീകരിച്ച് വ്യവസായ വകുപ്പിൻ കീഴിൽ ഒരു കൈത്തറി ഡിസൈൻ കേന്ദ്രം തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) വടകരയിലും പരിസരത്തുമുള്ള കൈത്തറി സഹകരണ സംഘങ്ങളുടെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കണ്ണൂരിൽ ഒരു ഡിസൈൻ സ്റ്റുഡിയോ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂരിലെ വീവേഴ്സ് സർവ്വീസ് സെന്ററിൽ നിന്നും ഡിസൈൻ സംബന്ധിച്ച സേവനം ലഭ്യമാണ്. ഈ രണ്ടു സ്ഥാപനങ്ങളുടേയും സേവനം ഇപ്പോഴും പൂർണ്ണമായി ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ വടകര കേന്ദ്രീകരിച്ച് കൈത്തറിക്ക് ഒരു പുതിയ ഡിസൈൻ കേന്ദ്രം തുടങ്ങേണ്ട ആവശ്യകത കാണുന്നില്ല.

പാലക്കാട് ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾ

199 (5089) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) . കൈത്തറി മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ എത്ര കൈത്തറി സഹകരണസംഘങ്ങൾ ഉണ്ട് ; അവയിൽ പ്രവർത്തനക്ഷമമായത് എത്ര ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly